"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സേവനത്തിൽ നിന്നും വിരമിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. കെ.നാരായണന് ശൂന്യവേതനാവധി അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.**168/2024/F&WLD** തീയതി,തിരുവനന്തപുരം, **27-03-2024.**

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ **21.11.2022, 29.09.2023** തീയതികളിലെ **ഇ1-3963/2021** നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. കെ. നാരായണൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവുകൾ ശൂന്യവേതനാവധിയായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. കെ. നാരായണൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന **14.05.2012** മുതൽ **19.09.2012** വരെയും, **08.02.2017** മുതൽ **31.12.2017** വരെയും, **27.09.2012** മുതൽ **05.01.2014** വരെയുമുള്ള അവധി കാലയളവുകൾ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരമുള്ള ശൂന്യവേതന അവധിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീ. കെ. നാരായണൻ, റിട്ട. ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (12.03.2024 ലെ 2291616/അഗ്രി-എ1/317/2022-ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

igned by
loushad S
ate: 27-03-2024 16:24:25